സൂപ്പർ മാർക്കറ്റ് കുത്തി തുറന്ന് പണം മോഷ്ടിച്ച കേസിൽ ഒരാൾ പിടിയിൽ. ഇരമല്ലൂർ നെല്ലിക്കുഴി പൂമറ്റം കവലയിൽ തേലക്കാട്ട് വീട്ടിൽ ഷാജഹാൻ (45) ആണ് കോതമംഗലം പോലീസിന്റെ പിടിയിലായത്. കഴിഞ്ഞ മാസം നെല്ലിക്കുഴിയിലെ സൂപ്പർ മാർക്കറ്റിന്റെ ഷട്ടർ കുത്തി തുറന്ന് കൗണ്ടറിൽ ഉണ്ടായിരുന്ന പണം മോഷ്ടിച്ചെടുക്കുകയായിരുന്നു. കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്ത നിരവധി മോഷണ കേസുകളിലെ പ്രതിയാണ് ഷാജഹാൻ.